# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

**പി.ആർ.ഒ/35/210/2016** **പത്രക്കുറിപ്പ്** **2016 ഒക്ടോബർ 01**

**കർഷകരുടെ അന്തസ്സുയർത്തുക സർക്കാർ നയം: കൃഷി മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ**

കേരളത്തിലെ കർഷകരുടെ അന്തസ്സ് ഉയർത്തിക്കൊണ്ടുവരികയെന്നതാണ് കേരള സർക്കാരിന്റെ കാർഷിക നയമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ പറഞ്ഞു. മഹാത്മാ ഗാന്ധി സർവ്വകലാശാല സുസ്ഥിര ജൈവകൃഷി അന്തർസർവ്വകലാശാല കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം സി.എം.എസ്. കോളജിൽ നടന്ന ജൈവകൃഷി ബോധവൽക്കരണ പരിശീലന പ്രചരണങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

കർഷകത്തൊഴിലാളികളെ ആദരിക്കുന്ന സമൂഹത്തിൽ നന്മയും ശുദ്ധതയും തിരികെ വരും. ജൈവകാർഷിക സംസ്കാരം പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുകവഴി അതാണ് സംഭവിക്കാൻ പോകുന്നത്. കർഷകർക്കിടയിലേക്കിറങ്ങുന്ന എൻ.എസ്.എസ് വോളന്റിയർമാർ കൃഷിക്കാരിൽ നിന്നും പഠിക്കുകയും ചെയ്യും. പുതിയൊരു കാർഷിക സംസ്കാരം രൂപപ്പെടും. പ്രകൃതിയെക്കൂടി സംരക്ഷിക്കുന്നതിന് ഇതുവഴി സാധ്യമാകും. വിവരസാങ്കേതിക വിദ്യയുടെയും പരമ്പരാഗത കാർഷിക വിജ്ഞാനത്തിന്റെയും സഹായത്തോടെയാകണം ഇത് നടത്തേണ്ടത്. പുതിയ കാലത്തെ കാർഷിക സംസ്കാരം ഇതായിരിക്കണം. കൃഷിപഠിക്കാതെ പത്താം ക്ലാസ് പാസ്സാകാൻ സാധിക്കില്ല എന്ന വിദ്യാഭ്യാസ നയവും ഈ സർക്കാർ നടപ്പാക്കും. അദ്ദേഹം കൂട്ടിച്ചേർത്തു. സർവ്വകലാശാല ഇക്കാര്യത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനകൃഷി വകുപ്പിന്റെ സഹകരണമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

കോട്ടയം ജില്ലയെ സമ്പൂർണ്ണ ജൈവകാർഷിക സാക്ഷര ജില്ലയാക്കിമാറ്റുന്നതിന് സർവ്വകലാശാല പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞുവെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു. പരിശീലനം നേടിയ 5000 എൻ.എസ്.എസ് വോളന്റിയർമാർ വീടുകളിലെത്തി ജൈവകൃഷി പദ്ധതി ആരംഭിച്ച് 2018 ജൂൺ 5ന് ജില്ലയെ സമ്പൂർണ്ണ ജൈവകാർഷിക സാക്ഷരജില്ലയായി പ്രഖ്യാപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ജൈവകാർഷിക മേഖലയ്ക്ക് നൽകിയ സംഭാവനകളെ പരിഗണിച്ച് കെ. വി. ദയാൽ, സംസ്ഥാനത്തെ കഴിഞ്ഞ വർഷത്തെ മികച്ച എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഡോ. കെ. സാബുക്കുട്ടൻ എന്നിവരെ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു. ജൈവകൃഷി പരിശീലനത്തിൽ ഒന്നാം സ്ഥാനം നേടിയ ജോർജ് ജോസഫ്, മൂന്നിലവ് പഞ്ചായത്തംഗം ബിന്ദു, ജൈവകർഷകനായ സാമുവൽ വി. ജെ എന്നിവർക്ക് മന്ത്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രജിസ്ട്രാർ എം. ആർ. ഉണ്ണി സ്വാഗതം ആശംസിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ജൈവകർഷക സമിതി ജില്ലാ പ്രസിഡന്റ് എബി ഇമ്മാനുവൽ പൂണ്ടിക്കുളം, സി.എം.എസ്. കോളജ് പ്രിൻസിപ്പാൾ ഡോ. റോയ് സാം ഡാനിയൽ, കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ സുമ ഫിലിപ്പ് എന്നിവർ ആശംസ നേർന്നു. ഡോ. കെ. സാബുക്കുട്ടൻ കൃതജ്ഞത അർപ്പിച്ചു.

***അടിക്കുറിപ്പ്***

*മഹാത്മാ ഗാന്ധി സർവ്വകലാശാല സുസ്ഥിര ജൈവകൃഷി അന്തർസർവ്വകലാശാല കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം സി.എം.എസ്. കോളജിൽ നടന്ന ജൈവകൃഷി പരിശീലന പ്രചാരണപരിപാടിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ നിർവ്വഹിക്കുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, രജിസ്ട്രാർ എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. കെ. സാബുക്കുട്ടൻ, കെ. വി. ദയാൽ, കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ സുമ ഫിലിപ്പ്, സി.എം.എസ്. കോളജ് പ്രിൻസിപ്പൽ ഡോ. റോയ് സാം ഡാനിയൽ എന്നിവർ സമീപം.*

## എം.ജി പി.ജി ഏകജാലകം: എസ്.സി., എസ്.ടി. വിഭാഗം പ്രത്യേക അലോടമെന്റ് പ്രസിദ്ധീകരിച്ചു

എം.ജി സർവ്വകലാശാല ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള എസ്.സി., എസ്.ടി വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈൻ പെയ്മെന്റ് ഗേറ്റ്വേ വഴി സർവ്വകലാശാല ഫീസ് അടച്ച് അലോട്മെന്റ് മെമ്മോയുട പ്രിന്റൗട്ട് എടുത്ത് ഒക്ടോബർ 3ന് വൈകുന്നേരം 4 മണിക്കകം അലോട്മെന്റ് ലഭിച്ച കോളജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യണം. 3നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും. കോളജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിന് ശേഷം കൺഫർമേഷൻ സ്ലിപ് വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും സ്കാസിലെയും രണ്ടാം സെമസ്റ്റർ എം.സി.എ (പുതിയ സ്കീം – 2015 അഡ്മിഷൻ റഗുലർ/2011 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി)/ലാറ്ററൽ എൻട്രി (2015 അഡ്മിഷൻ റഗുലർ/2013–14 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 28ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 13 വരെയും, 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 150 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 30 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

## ബി.ടെക്/ബി.ആർക് ഡിഗ്രി പരീക്ഷകൾ

ബി.ടെക്/ബി.ആർക് ഡിഗ്രി മൂന്നും അഞ്ചും ഏഴും എട്ടും സെമസ്റ്റർ പരീക്ഷകൾക്ക് (പുതിയസ്കീം 2010 മുതൽ, പഴയ സ്കീം – 1997 മുതൽ) പിഴകൂടാതെ ഒക്ടബർ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം., വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ രണ്ടാം സെമസ്റ്റർ എം.എ മ്യൂസിക് മൃദംഗം (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 4 മുതൽ 6 വരെ നടത്തും.

## എം.സി.എ സീറ്റൊഴിവ്

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിന്റെ മൂന്ന് സെന്ററുളിൽ എം.സി.എ സീറ്റൊഴിവുണ്ട്. താൽപര്യമുള്ള യോഗ്യരായവർ ഉടൻ തന്നെ ഫോൺ മുഖേന ബന്ധപ്പെടുക. ഫോൺ 0481–2392928, 2391000, 9447008564.

## എം.പി.റ്റി സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന പ്രൊഫഷണൽ കോഴ്സായ മാസ്റ്റർ ഓഫ് ഫിസിയോതെറാപ്പി കോഴ്സിന് സീറ്റ് ഒഴിവുണ്ട്. 50 ശതമാനം മാർക്കോടെയുള്ള ബി.പിറ്റി ബിരുദമാണ് അടിസ്ഥാന യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം എസ്.എം.ഇ ഡയറക്ടറുടെ ഗാന്ധിനഗറിലുള്ള ഓഫീസിൽ എത്തിച്ചേരണം. വെബ് സൈറ്റ് www.sme.edu.in, ഫോൺ 0481–6061012, 6061014.

## മാസ്റ്റർ ഓഫ് ബയോ മെഡിക്കൽ ഇൻസ്ട്രമെന്റേഷൻ: സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന മാസ്റ്റർ ഓഫ് ബയോ മെഡിക്കൽ ഇൻസ്ട്രമെന്റേഷൻ കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഓപ്ഷണൽ വിഷയങ്ങൾക്ക് 50 ശതമാനം മാർക്കോടെയുള്ള മാത്തമാറ്റിക്സ്/ഫിസിക്സ്/ഇൻസ്ട്രമന്റേഷൻ/ ഇലക്ട്രോണിക്സ് എന്നിവ മെയിനായോ സബ് ആയോ ഉള്ള ബിരുദം ആണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി ഓഫീസിൽ എത്തിച്ചേരണം. ഫോൺ 0481–6061012, 6061014.

## അന്തർദ്ദേശീയ പ്രഭാഷണം

എം.ജി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ അന്തർദ്ദേശീയ പ്രഭാഷണം നടത്തും. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ വച്ച് ഒക്ടോബർ 3ന് മൂന്ന് മണിയ്ക്ക് ഫ്രാൻസിലെ പിയറി ആന്റ് മേരി ക്യൂറി യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ക്ലെമന്റ് ആർച്ചസ് 'ഹൈബ്രിഡ് മെറ്റീരിയിലിസിന്റെ സാധ്യതകൾ'' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ബിജോയി തോമസ് എന്നിവർ നേതൃത്വം നൽകും. ഫോൺ 9447149547.ഇമെയിൽ : josejameskadathala@gmail.com.

## റിലയൻസ് വിദഗ്ധരുടെ സന്ദർശനം

എം.ജി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, റിലയൻസ് ഇൻഡസ്ട്രിയിലെ ആർ.ആന്റ് ഡി വിഭാഗത്തിലെ ശാസ്ത്രജ്ഞൻമാർ സന്ദർശിച്ചു. ഐ.ഐ.യു.സി.എൻ.എൻ ഡയറക്ടർ പ്രൊഫ. സാബു തോമസുമായി സംയുക്തമായി ആരംഭിക്കാൻ പോകുന്ന പ്രൊജക്ടിന്റെ ഒരുക്കമായിട്ടാണ് സന്ദർശനം. ഡോ. വിവേക് കെ. ശ്രീവാസ്തവയും, ഡോ. ഗണേശ് ബസക്കുമാണ് സന്ദർശനം നടത്തിയത്. ഐ.ഐ.യു.സി.എൻ.എൻ ന്റെ ലാബുകൾ സന്ദർശിച്ച ശാസ്ത്രജ്ഞർ, ഗവേഷകരുമായി സംവാദം നടത്തുകയും ടയർ ഗവേഷണത്തിലെ നൂതന സാധ്യതകളെക്കുറിച്ച് പ്രഭാഷണം നടത്തുകയും ചെയ്തു. ദീർഘ കാലത്തേക്കുള്ള ടയർ അടിസ്ഥാനമാക്കിയ പ്രൊജക്ടിന് വേണ്ട മുന്നൊരുക്കങ്ങളിൽ ഗവേഷകർ തൃപ്തി രേഖപ്പെടുത്തി.

## എം.ജിയിൽ എൻ.എസ്.എസ് ഗാന്ധിജയന്തി മാസാചരണം

മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 1 മുതൽ 31 വരെ ഗാന്ധിജയന്തി മാസമായി ആചരിക്കുവാൻ തീരുമാനിച്ചു. കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലെ വിവിധ കോളജുകളിൽ കലാലയഗ്രാമസൗഹൃദ പരിപാടികളും സ്വ ഛ് ഭാരത് അഭിയാൻ, ഉന്നത് ഭാരത് അഭിയാൻ പ്രവർത്തനങ്ങളും നടത്തുവാൻ തീരുമാനിച്ചു.

കോട്ടയം ജില്ലയിൽ ഇന്ന് (ഒക്ടോബർ 2) കളക്ട്രേറ്റ് പരിസരവും, റോഡുകളും, സ്കൂളുകളും, ജലസ്രോതസ്സുകളും വോളന്റിയർമാർ വൃത്തിയാക്കും. എറണാകുളം ജില്ലയിൽ ഒക്ടോബർ 3ന് നദീ സംരക്ഷണ ദിനമായി ആചരിക്കും. ഇതിന്റെ ഭാഗമായി സെന്റ് തെരേസാസ് കോളജിൽ സയൻസ് സെമിനാറും, തേവര എസ്.എച്ച് കോളജിൽ പെരിയാർ നദീ സംരക്ഷമത്തെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറും നടത്തും. പെരിയാർ നദീസംരക്ഷണം എൻ.എസ്.എസ് ഏറ്റെടുക്കും.

ഇടുക്കി ജില്ലയിലെ വിവിധ കോളജുകൾ ശാന്തിഗിരി കോളജുമായി ചേർന്ന് തൊടുപുഴ ടൗണും പ്രദേശങ്ങളും ശുചീകരിക്കും. പത്തനംതിട്ടയിലെ വിവിധ കോളജുകൾ കോന്നി എസ്.എൻ.ഡി.പി യോഗം ആർട്സ് ആന്റ് സയൻസ് കോളജുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെയും ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെയും ആഭിമുഖ്യത്തിൽ ഒക്ടോബർ 5 മുതൽ 7 വരെ ആലുവ സെന്റ് സേവ്യേഴ്സ് കോളജിൽ വച്ച് രക്തദാനവും അവയവദാനവും എന്ന വിഷയത്തെക്കുറിച്ച് ദേശീയ സെമിനാർ സംഘടിപ്പിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)